11. എക്സിക്യൂട്ടീവ് എൻജിനീയർ, ഇറിഗേഷൻ ഡിവിഷൻ, ആലപ്പുഴ.

12. എക്സിക്യൂട്ടീവ് എൻജിനീയർ, മെക്കാനിക്കൽ ഡിവിഷൻ, തണ്ണീർമുക്കം.

13. പ്രസിഡന്റ്, തണ്ണീർമുക്കം പഞ്ചായത്ത്

14. ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, ആലപ്പുഴ.

15. ധീവർസഭയുടെ തണ്ണീർമുക്കം ബണ്ടിന്റെ ഇരുകരകളിലുമുള്ള ശാഖയുടെ രണ്ട് പ്രതിനിധികൾ.

(എഫ്)ഈ ബണ്ടിൽ ഇപ്പോൾ ഷട്ടറുകൾ തുടർച്ചയായി അടച്ചിടാറില്ല. ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായുള്ള കമ്മിറ്റിയുടെ തീരുമാനപ്രകാര മാണ് ഷട്ടറുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്തുവരുന്നത്.

(ജി) ബണ്ടിന്റെ ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതിൽ അപാകതകൾ ഉള്ളതായി ഇതുവരെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഷട്ടറുകൾ താഴ്ത്തിയതിന് ശേഷം ചില സാമൂഹ്യവിരുദ്ധർ ഷട്ടറുകൾ ദുരുപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) ഉള്ളതായി ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഐ) ഈ നിർദ്ദേശം പരിഗണിച്ചിട്ട് വേണ്ട നടപടി എടുക്കാവുന്നതാണ്.

വനിതാ തൊഴിൽ സംരംഭകർ

7 (* 626)<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> :

<u>ശ്രീ. പി. രാഘവൻ</u> :

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

<u>ശ്രീമതി എൻ.കെ. രാധ</u> :

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതാ തൊഴിൽ സംരംഭകരെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇവരുടെ എണ്ണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏതൊക്കെ മേഖലകളിലാണ് ഇവയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ കാരണങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർ ഗ്രാമീണ തൊഴിൽ മേഖലകളിൽ കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ;

(എഫ്)കൂടുതൽ തൊഴിൽ സംരംഭകരെ ആകർഷിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി സുശീലാ ഗോപാലൻ)</u> :

(എ) പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻ കൊല്ലങ്ങളെ അപേക്ഷിച്ച് വനിതാ വ്യവസായ സംരംഭങ്ങളായി രജിസ്റ്റർ ചെയ്യപ്പെട്ട ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചതായി കാണുന്നു.

(സി) റെഡിമെയ്ഡ് വസ്ത്രങ്ങൾ, ബേക്കറി ഉല്പന്നങ്ങൾ, കറിപൗഡറുകൾ, അച്ചാറുകൾ, സ്കാഡ്, ചിപ്സ്, മധുര പലഹാരങ്ങൾ, കര കൗശല വസ്തുക്കൾ, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, കൈത്തറി തുണികൾ എന്നിവയുടെ ഉല്പാദന മേഖലകളിൽ വനിതാ തൊഴിൽ സംരംഭകർ വർദ്ധിച്ചിട്ടുണ്ടെന്ന് കാണാം.

(ഡി) ബാങ്കുകൾ ഉൾപ്പെടെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങൾ തൊഴിലില്ലാത്ത വനിതകൾക്ക് സാമ്പത്തിക സഹായം നൽകുന്നതാണ് പ്രധാന കാരണം.

(ഇ) ഇല്ല.

(എഫ്)ഉണ്ട്. വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ വനിതാ വ്യവസായ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകി നടപ്പാക്കിവരുന്നു. അതിൻപ്രകാരം കെട്ടിടനിർമ്മാണ ഗ്രാന്റ് 60% പരമാവധി 25,000 രൂപയും മിഷനറി ഗ്രാന്റ് 50% പരമാവധി 25,000 രൂപ വരെയും നൽകിവരുന്നു. കൂടാതെ കെട്ടിട വാടക ഗ്രാന്റ് 500 രൂപ നിരക്കിലും എക്സ്പർട്ട് മാനേജർ എന്നിവരുടെ ശമ്പളം എന്നിവ പ്രതിമാസം 500 രൂപ നിരക്കിലും 4 വർഷത്തെ ടേപ്പിംഗ് ഗ്രാന്റ് ബാക്കി നൽകിവരുന്നു. ട്രെയിനിംഗിനായി പ്രതിവർഷം സ്റ്റൈപ്പന്റ് 50 രൂപ നിരക്കിലും നൽകിവരുന്നു. കൂടാതെ ഈ പദ്ധതിക്ക് കൂടുതൽ വനിതാ സംരംഭകരെ ആകർഷിക്കാനായി സാമ്പത്തിക സഹായങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യവസായ നയത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നിയമങ്ങൾ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. കൂടാതെ കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിപ്രകാരം സ്വന്തമായി വ്യവസായം, സേവനം വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവ ആരംഭിക്കുവാൻ 2 ലക്ഷം രൂപവരെ പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി സ്കീമിൽ ഉൾപ്പെടുത്തി വായ്പ നൽകിവരുന്നു. ഇതിനുപുറമേ ഗ്രാമീണ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ കുറഞ്ഞ മൂലധനമുടക്കിൽ ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനായി 'കൂട്ടുകുടുംബ സംരംഭം' എന്ന പേരിൽ ഒരു പുതിയ പദ്ധതിക്കും രൂപം കൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. പല വകുപ്പുകളും ഗവൺമെന്റ് ഏജൻസികളും വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി നിരവധി സ്കീമുകൾ നടപ്പാക്കിവരുന്നു. ഇവ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ വേണ്ടി സംസ്ഥാനതലത്തിൽ ഒരു വനിതാ തൊഴിൽദാന സെല്ലിനു രൂപം കൊടുത്തുകഴിഞ്ഞു. ഈ കമ്മിറ്റി ഇതിന്മേൽ എല്ലാ വനിതാ തൊഴിൽദാന പദ്ധതികളും അവലോകനം ചെയ്യുകയും പുതിയ പദ്ധതികൾക്കുള്ള സാദ്ധ്യതകൾ ആരായുകയും ചെയ്യും. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും സംസ്ഥാന ഫിഷറീസ് വകുപ്പും സംയുക്തമായി "കൊല്ലം-ആലപ്പുഴ ജില്ലാ ഭക്ഷ്യ സംസ്കരണ വിപണന പദ്ധതി" എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും തൊഴിൽരഹിതരുമായ തീരദേശ വനിതകൾക്ക് ഭക്ഷ്യ ഉല്പന്നങ്ങളുടെ സംസ്കരണ-വിപണന മേഖലയിൽ തൊഴിൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൊല്ലം, ആല

LIBRARY ARCHIVES Kerala Legislative Assembly

പ്പുഴ ജില്ലകളിൽ 10 പഞ്ചായത്തുകളിൽ വീതം ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികജാതി ഉപദേശക സമിതി

8 (* 627)ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. എം.എ. തോമസ് :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി ഉപദേശക സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) സംസ്ഥാനത്ത് പട്ടികജാതി ഉപദേശക സമിതിയുടെ ഘടന വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി ഉപദേശക സമിതി യഥാസമയം യോഗം ചേരാറില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത സമിതി ഇതിനകം എത്ര യോഗങ്ങൾ ചേർന്നു എന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഉപദേശകസമിതിയുടെ നിർദ്ദേശങ്ങൾ സർക്കാരിന് പ്രയോജനകരമാണെന്ന് കരുതുന്നുണ്ടോ;

(ജി) എങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തിയുള്ള എന്തൊക്കെ നിർദ്ദേശങ്ങളാണ് സമിതി മുന്നോട്ടു വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്. 3.3.2000-ലെ സ.ഉ.(കൈ) 21/2000/പജ.പവ.വിവ പ്രകാരം സംസ്ഥാന ഉപദേശക സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഉപദേശക സമിതിയുടെ ഘടന താഴെ പറയുംപ്രകാരമാണ്.

പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി - ചെയർമാൻ

പട്ടികജാതി വികസന ഡയറക്ടർ - കൺവീനർ

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ എം.എൽ.എ. മാരും എം.പി.മാരും, സർക്കാർ നോമിനേറ്റ് ചെയ്യുന്ന പട്ടികജാതി ക്ഷേമവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പ്രമുഖ സാമൂഹ്യ പ്രവർത്തകരും സമിതിയിലെ അനൗദ്യോഗിക അംഗങ്ങളാണ്. ഇവർക്കുപുറമേ പോലീസ് ഡയറക്ടർ ജനറൽ ഉൾപ്പെടെ വിവിധ വകുപ്പ് അദ്ധ്യക്ഷന്മാരും, ഗവൺമെന്റ് സെക്രട്ടറിമാരും സമിതിയിലെ ഔദ്യോഗിക അംഗങ്ങളാണ്.

(സി) യഥാസമയം ചേരുന്നുണ്ട്.

(ഡി) ആറുമാസത്തിലൊരിക്കൽ ഉപദേശക സമിതി കൂടുന്നതാണ്. അടുത്തയോഗം 11.4.2000-ൽ കൂടുന്നതാണ്.

1215/2010

LIBRARY ARCHIVES Kerala Legislative Assembly